# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 17-12-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **3650**

## കൊച്ചി തുറമുഖത്തിന്റേയും വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിന്റേയും വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ | : | ശ്രീ. കെ.ബാബു |
| ശ്രീ. തോമസ് ചാണ്ടി | : | (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കൊച്ചി തുറമുഖത്തിന്റേയും വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിന്റേയും പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി ഉന്നതതല യോഗം വിളിച്ചിരുന്നുവോ ; | (എ) | ICTT യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രി 17-09-2015 ൽ ഒരു യോഗം വിളിച്ചിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത യോഗത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) | പ്രസ്തുത യോഗത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>i) കൊച്ചി തുറമുഖത്തു നിന്നുമുള്ള കണ്ടെയ്നർ ട്രെയിലർ വാഹനങ്ങൾക്ക് e-transit പാസ് വാണിജ്യ നികുതി വകുപ്പ് വിതരണം ചെയ്യുന്നതാണ്.<br>ii) ബാർകോഡ് സീലിംഗ് മെക്കാനിസം നിലവിൽ വരുത്തുന്നതാണ്.<br>iii) ചെക്ക് പോസ്റ്റിൽ നിലവിലുള്ള അശാസ്ത്രീയമായ ചെക്കിംഗ് രീതി ഒഴിവാക്കാമെന്ന് എക്സൈസ് വകുപ്പ് ഉറപ്പ് നൽകുകയുണ്ടായി.<br>iv) ചെക്ക് പോസ്റ്റ് വഴി കണ്ടെയ്നർ ട്രെയിലർ കടന്നുപോകുന്നതിന് പ്രസ്തുത നിർദ്ദേശങ്ങളുമായി ഗതാഗത വകുപ്പ് സഹകരിക്കാമെന്ന് സമ്മതിച്ചു. |

v) തമിഴ് നാട്ടിൽ നിലവിലുള്ള Trailers tax rate അനുസരിച്ച് നികുതി നിരക്ക് ഏകീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതായിരിക്കുമെന്നും തീരുമാനിച്ചു. ഈ വിഷയം സംബന്ധിച്ച് ഗതാഗത വകുപ്പിൽ നിന്നും തുടർ നടപടി സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (സി) ഉന്നതതല യോഗത്തിലെ തീരുമാനങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ ? | (സി) കേന്ദ്ര ഷിപ്പിംഗ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രതിമാസ അവലോകന യോഗത്തിൽ തീരുമാനം ചർച്ച ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ